തായും കാണുന്നില്ല. ചെഷയർ ഹോമിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് 'വിശപ്പിനോട് വിട' എന്ന പദ്ധതി 1995-ൽ ആരംഭിച്ചത് എന്ന് പറയപ്പെടുന്നു. സർക്കാർ ആശുപത്രികളിൽ നിർദ്ധനരായ രോഗികൾക്കും സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം മഹിളാമന്ദിരം, ആശാഭവൻ, എന്നിവിടങ്ങളിലെ അന്തേവാസികൾക്കും സൗജന്യ ഭക്ഷണം നൽകുകയെന്നായിരുന്നു ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചിരുന്നത്. മാധ്യമങ്ങളിലൂടെ പരസ്യം ചെയ്ത് വിദേശത്തുനിന്നും സ്വദേശത്തുനിന്നും ഈ പദ്ധതിക്ക് സാമ്പത്തികസഹായം സ്വീകരിച്ചിട്ടുണ്ട്. ഇൻകം ടാക്സ് ആക്ട് സെക്ഷൻ 80-ജി.യുടെ സൗജന്യം ലഭിക്കുമെന്ന് കാണിച്ചാണ് സംഭാവനകൾ സ്വീകരിച്ചത്. എവിടെനിന്ന് എത്രവീതം സംഭാവനകൾ സ്വീകരിച്ചു എന്നോ എത്രത്തോളം ചെലവാക്കിയെന്നോ ഉള്ള കാര്യങ്ങളെ സംബന്ധിച്ച് വിശദമായ അന്വേഷണങ്ങൾ നടന്നിട്ടില്ല, സ്ഥാപനത്തിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ വ്യവസ്ഥ ചെയ്തിട്ടുള്ള ഉദ്ദേശ്യലക്ഷ്യങ്ങളിൽനിന്ന് അതിന്റെ പ്രവർത്തനം ബഹുദൂരം വ്യതിചലിച്ചിരിക്കുകയാണ്. അതുകൊണ്ട് അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അവിടെ നടന്നതായി ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചിട്ടുള്ളതുമായ കാര്യങ്ങളെക്കുറിച്ചും വിശദമായ ഒരു അന്വേഷണം നടത്തുന്ന കാര്യം പരിഗണിച്ചുവരികയാണ്.

(13) വനിതാ വികസന കോർപ്പറേഷൻ വഴിയുള്ള വായ്പാവിതരണത്തിലെ ക്രമക്കേടുകൾ

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനത്തെ വനിതാ വികസന കോർപ്പറേഷൻ സ്ത്രീകളുടെ പിന്നോക്കാവസ്ഥയും തൊഴിലില്ലായ്മയും പരിഹരിക്കുന്നതിനായി രൂപംകൊണ്ടതാണ്. എന്നാൽ 94-95, 95-96, എന്നീ വർഷങ്ങളിൽ സ്ത്രീകൾക്ക് വായ്പ നൽകാതെ 372 പുരുഷന്മാർക്കാണ് വായ്പ നൽകിയത്. ഈവർഷങ്ങളിൽ മൂന്നു കോടി പതിമൂന്നു ലക്ഷത്തി എഴുപത്തിയാറായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റിയാറു രൂപ വായ്പ നൽകിയതിൽ രണ്ടു കോടി ഒരു ലക്ഷത്തി നാൽപ്പത്തിയൊമ്പതിനായിരത്തി എണ്ണൂറ്റി മുപ്പത്തിയൊമ്പത് രൂപ പുരുഷന്മാർക്കാണ് നൽകിയത്. ഈ പണം തിരിച്ചുപിടിക്കാൻ പോലും സാധിക്കുന്നില്ല എന്നാണ് അറിയുന്നത്. പലരും ജീവിച്ചിരിപ്പില്ല, ജീവിച്ചിരിക്കുന്നവരുടെ യഥാർത്ഥ അഡ്രസ്സും ലഭ്യമല്ല. വായ്പ തിരിച്ചടയ്ക്കാത്തവരെ അത് അടയ്ക്കണമെന്ന വിവരം അറിയിക്കാനായി അയയ്ക്കുന്ന കത്തുകൾ അതേ സ്പീഡിൽത്തന്നെ തിരിച്ചുവരുന്നു. ഏറ്റവും വലിയ അഴിമതിയാണ് ഈ രംഗത്ത് നടന്നിരിക്കുന്നത്. ഇത് സംബന്ധിച്ച അന്വേഷണങ്ങളും നടപടികളും ബോധപൂർവ്വം വൈകിക്കുന്നതായുള്ള ആക്ഷേപവും നിലനിൽക്കുന്നുണ്ട്. സ്ത്രീകളുടെ ഉന്നമനത്തിനായി പ്രവർത്തിക്കേണ്ട ഈ കോർപ്പറേഷൻ അഴിമതിയുടേയും കെടുകാര്യസ്ഥതയുടേയും കേന്ദ്രമാക്കി മാറ്റിയവരെ സംബന്ധിച്ച് അന്വേഷിച്ച് അനർഹമായി നൽകിയ വായ്പ തിരിച്ചുപിടിക്കുന്നതിനും ഇതിന് കൂട്ടുനിന്നവർക്ക് എതിരേ നടപടി സ്വീകരിക്കുന്നതിനും ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, വനിതാ വികസനകോർപ്പറേഷൻ സ്ത്രീകളുടെ സമഗ്രവികസനത്തിനുവേണ്ടി ഉണ്ടാക്കിയ ഒരു കോർപ്പറേഷനാണ്. എന്നാൽ 1994-1995, 1995-96 എന്നീ വർഷങ്ങളിൽ വനിതാവികസന കോർപ്പറേഷനിൽനിന്നും വായ്പ അനുവദിക്കുന്നതിൽ ചില ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെ

LIBRARY ARCHIVES Kerala Legislative Assembly

ടുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ''ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അപ്ലൈഡ് റിസർച്ച് ആന്റ് കൺസൾട്ടൻസി'' എന്ന സ്വതന്ത്ര ഏജൻസിയെക്കൊണ്ട് അവലോകനം നടത്തിക്കുകയുണ്ടായി. പ്രസ്തുത അവലോകനത്തിൽ ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ട ക്രമക്കേടുകൾ താഴെപ്പറയുന്നവയാണ്. (1) ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട സ്ത്രീകൾക്കുവേണ്ടി നടപ്പാക്കിയിട്ടുള്ള വായ്പാ പദ്ധതിപ്രകാരമുള്ള വായ്പയുടെ എഴുപത് ശതമാനവും പുരുഷന്മാർക്കാണ് നൽകിയിരുന്നത്. ന്യൂനപക്ഷ വിഭാഗത്തിനുള്ള പദ്ധതികളുടെ ഗുണഭോക്താക്കളിൽ 372 പുരുഷന്മാരും പിന്നോക്കവിഭാഗത്തിനുള്ള പദ്ധതികളിൽ 7 പുരുഷൻമാരും ഉൾപ്പെട്ടിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. വായ്പയായി ആകെ വിതരണം ചെയ്ത മൂന്നു കോടി പതിമൂന്നു ലക്ഷത്തി എഴുപത്തിയാറായിരത്തി അറുന്നൂറ്റിതൊണ്ണൂറ്റാറ് രൂപയിൽ രണ്ടു കോടി ഒരു ലക്ഷത്തി നാല്പത്തിനാലായിരത്തി എണ്ണൂറ്റി മുപ്പത്തൊമ്പത് രൂപ പുരുഷന്മാർക്കാണ് നൽകിയത്. ലോൺ നൽകുന്നതിനുള്ള മാനദണ്ഡങ്ങളൊന്നും പാലിച്ചിട്ടില്ല. ഇതേപോലെ ലോൺ നൽകിയ മറ്റു സ്ഥാപനങ്ങൾ സ്വീകരിച്ചിട്ടുള്ള സാധാരണ നടപടിക്രമങ്ങൾപോലും കോർപ്പറേഷൻ പാലിച്ചിട്ടില്ല. വായ്പ തിരിച്ചടയ്ക്കുന്നതു സംബന്ധിച്ച് വായ്പ എടുത്തവർ ഉറപ്പുകളൊന്നും നൽകിയിട്ടില്ല. മെമ്പർ പ്രസ്താവിച്ചതുപോലെ നോട്ടീസ് അയച്ചിട്ടും ആളുകളെ കാണാനില്ല. വായ്പ നൽകുന്നതിൽ പ്രാദേശികമായ ഒരു സമാനതയും പുലർത്തിയിട്ടില്ല. വായ്പാത്തുകയുടെ ഗുണഭോക്താക്കളിൽ 87 ശതമാനവും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, ജില്ലകളിൽപ്പെട്ടവരാണ്. ബാക്കി ജില്ലകൾക്ക് വളരെ തുച്ഛമായ വിഹിതമാണ് നൽകിയിരിക്കുന്നത്. വായ്പ അനുവദിക്കുന്നതിനുള്ള അപേക്ഷ ക്ഷണിച്ചുകൊണ്ട് വേണ്ടത്ര പരസ്യം നൽകിയിരുന്നില്ല. വനിതാവികസന കോർപ്പറേഷനിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷണത്തിനു ഉത്തരവിട്ടിട്ടുണ്ട്. അന്വേഷണറിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് കുറ്റക്കാരുടെ മേൽ നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അന്വേഷണ റിപ്പോർട്ട് വൈകിക്കുന്നതിൽ എന്തെങ്കിലും ശ്രമം നടന്നിട്ടുണ്ടെങ്കിൽ അത് തീർച്ചയായിട്ടും അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(14) നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ മൈലത്ത് വ്യവസായം തുടങ്ങേണ്ടതിന്റെ ആവശ്യകത

<u>ശ്രീ. പാലോട് രവി</u> : സർ, അങ്ങേയ്ക്കുകൂടി അറിയാവുന്ന വിഷയമാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. ഒമ്പതാം കേരളനിയമസഭയിലും പത്താം കേരള നിയമസഭയിലുമായി ഞാൻ ഈ നൂറ്റാണ്ടിൽ അവതരിപ്പിക്കുന്ന ഒരേ വിഷയത്തിന്റെ പത്താമത്തെ സബ്മിഷനാണിത്. ഞാൻ ഒമ്പതെണ്ണത്തിന്റേയും കണക്കെടുത്തുവച്ചിരിക്കുന്നു. ഇത് പത്താമത്തെ സബ്മിഷനാണ്. അങ്ങ് അഷ്വറൻസ് കമ്മിറ്റി മെമ്പർ ആയിരുന്നപ്പോൾ, ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ ചെയർമാനായിരുന്നപ്പോൾ തിരുവനന്തപുരത്തുനിന്ന് വിളിച്ചാൽ കേൾക്കാവുന്ന അകലമുള്ള മൈലത്ത് വ്യവസായം തുടങ്ങുന്നതിനുവേണ്ടിയുള്ള സ്ഥലം തിരിച്ചെടുക്കുകയും അത് വ്യവസായ മേഖലയായി പ്രഖ്യാപിക്കുകയും ചെയ്തു. പതിനാറ് ഏക്കർ സ്ഥലത്തിൽ 12 ഏക്കർ സ്ഥലം വ്യവസായവകുപ്പിന്റെ കൈയ്യിൽവന്നു. നാലേക്കർ മിച്ചഭൂമിയാണ്. സർ, പത്തുമിനിട്ടുകൊണ്ട് അവിടെ ടാർ ഇട്ട P.W.D റോഡിൽ എത്തിച്ചേരാൻ സാധിക്കും. അവിടെ ഇലക്ട്രിസിറ്റിയുണ്ട്. വെള്ളമുണ്ട്. അവിടെ വ്യവസായം തുടങ്ങാൻ

LIBRARY ARCHIVES Kerala Legislative Assembly